**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3659 — 14.03.2017 ൽ മറുപടിക്ക്

ഡയാലിസിസ് തേടുന്ന രോഗികളുടെ എണ്ണത്തിലെ വർദ്ധനവ്

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഡയാലിസിസ് തേടുന്ന രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത രോഗികൾക്കായി എന്തൊക്കെ സേവനങ്ങൾ / സൗകര്യങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്നു വിശദമാക്കാമോ; | (ബി) | ജീവിതശൈലി രോഗങ്ങളായ ഡയബെറ്റിസ്, ഹൈപ്പർ ടെൻഷൻ എന്നിവയുടെ പരിണിതഫലമായി Chronic Renal Failure എന്ന അസുഖ സ്ഥിതി സംജാതമാവുകയും ഇത് End Stage Renal Failure ലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.<br><br>ഇത്തരം രോഗികൾക്കാണ് ഡയാലിസ്സിസ് ആവശ്യമായി വരുന്നത്. ഈ സ്ഥിതി എത്തുന്നതിന് മുൻപ് ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കാനും ചികിത്സിക്കുവാനും സൗജന്യമരുന്നുകൾ ലഭ്യമാക്കാനുമുള്ള നടപടികൾ ആരോഗ്യ വകുപ്പ് നടത്തി വരുന്നുണ്ട്. NCD Clinic ക്കുകൾ വഴി അസുഖം കണ്ടുപിടിക്കുകയും Sub Centre മുഖേന ഡയബെറ്റിക്സ്, ഹൈപ്പർടെൻഷൻ എന്നീ രോഗാവസ്ഥകൾക്ക് മരുന്ന് സൗജന്യമായി നൽകുകയും ചെയ്യുന്നു. ഡയാലിസ്സിസ് ആവശ്യമായി വരുന്ന പക്ഷം നിലവിലുള്ള 42 ഡയാലിസ്സിസ് സെന്ററുകളിലെ 39 പ്രവർത്തന സജ്ജമായ യൂണിറ്റുകൾ മുഖേന കുറഞ്ഞ നിരക്കിൽ ഡയാലിസ്സിസ് നൽകി വരുന്നു. |
| (സി) | സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യം നിലവിലുള്ളതെന്ന് അറിയിക്കാമോ; | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ഡയാലിസ്സിസ് സൗകര്യം നിലവിലുള്ള ആശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം, മഞ്ചേരി, എന്നീ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ? | (ഡി) | മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ആറ് കിടക്കകളോടുകൂടിയ ഡയാലിസ്സിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ ഹെൽത്ത് മിഷന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

| ക്ര നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | തിരുവനന്തപുരം | ജനറൽ ആശുപത്രി, നെയ്യാറ്റിൻകര |
| | | ജനറൽ ആശുപത്രി, തിരുവനന്തപുരം |
| | | താലൂക്ക് ആശുപത്രി, ഫോർട്ട് |
| 2 | കൊല്ലം | ജില്ലാ ആശുപത്രി കൊല്ലം |
| | | താലുക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, പുനലൂർ |
| | | താലൂക്ക് ആശുപത്രി, നീണ്ടകര |
| 3 | പത്തനംതിട്ട | ജനറൽ ആശുപത്രി, പത്തനംതിട്ട |
| | | ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| 4 | ആലപ്പുഴ | താലൂക്ക് ആശുപത്രി, തുറവൂർ |
| | | താലുക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട് |
| | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, കായംകുളം |
| 5 | കോട്ടയം | ജില്ലാ ആശുപത്രി, കോട്ടയം |
| | | പ്രാഥമികാരോഗ്യകേന്ദ്രം, ഈരാറ്റുപുഴ |
| 6 | ഇടുക്കി | ജില്ലാ ആശുപത്രി, തൊടുപ്പുഴ |
| 7 | എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം |
| | | ജില്ലാ ആശുപത്രി, ആലുവ |
| | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ |
| | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി |
| | | താലുക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, തൃപ്പൂണിത്തുറ |
| 8 | തൃശ്ശൂർ | ജനറൽ ആശുപത്രി, തൃശ്ശൂർ, |
| | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, കൊടുംങ്ങല്ലൂർ |
| | | താലുക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, ചാലക്കുടി |
| | | താലൂക്ക് ആശുപത്രി, പുതുക്കാട് |
| 9 | പാലക്കാട് | ജില്ലാ ആശുപത്രി, പാലക്കാട് |
| | | താലുക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം |
| | | സാമുഹികാരോഗ്യകേന്ദ്രം, ചാലിശ്ശേരി |
| | | ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടാത്തറ |

| | | |
|---|---|---|
| 10 | മലപ്പുറം | ജില്ലാ ആശുപത്രി, നിലമ്പൂർ |
| | | ജില്ലാ ആശുപത്രി, തിരൂർ |
| | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി |
| | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, പൊന്നാനി |
| | | സാമൂഹികാരോഗ്യകേന്ദ്രം, കൊണ്ടോട്ടി |
| | | സാമൂഹികാരോഗ്യകേന്ദ്രം, മാറൻചേരി |
| 11 | കോഴിക്കോട് | ഗവ. ജനറൽ ആശുപത്രി, കോഴിക്കോട് |
| | | താലൂക്ക് ആശുപത്രി, പേരാമ്പ്ര |
| | | ജില്ലാ ആശുപത്രി, വടകര |
| | | താലൂക്ക് ആശുപത്രി, താമരശ്ശേരി |
| 12 | വയനാട് | ജില്ലാ ആശുപത്രി, മാനന്തവാടി |
| | | താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി, വൈത്തിരി |
| 13 | കണ്ണൂർ | ജില്ലാ ആശുപത്രി, കണ്ണൂർ |
| 14 | കാസർഗോഡ് | ജനറൽ ആശുപത്രി, കാസർഗോഡ് |
| | | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് |

| | | |
|---|---|---|
| 1 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, നെടുങ്ങോലം | 2015-2016 |
| 2 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, വർക്കല | 2015-2016 |
| 3 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ഹരിപ്പാട് | 2016-2017 |

(signature)

സെക്ഷൻ ഓഫീസർ